പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4908

04.07.2012-ൽ മറുപടിക്ക്

## തെക്കെക്കാട്, ഇടയിലക്കാട്, മാടക്കാൽ ബണ്ടുസംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ തീരദേശ വില്ലേജുകളിൽ ഉൾപ്പെടുന്ന തെക്കെക്കാട്, ഇടയിലക്കാട്, മാടക്കാൽ എന്നിവിടങ്ങളിലെ ബണ്ടുകൾ സംരക്ഷിക്കുന്നതിനും, കെട്ടികിടക്കുന്ന ഓരുജലം ഒഴുക്കിവിടുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എ) | കാസർഗോഡ് ജില്ലയിലെ തെക്കേക്കാട്,ഇടയിലക്കാട്, മാടക്കാൽ എന്നീവിടങ്ങളിലെ ബണ്ടുകൾ നിർമ്മിച്ചത് ഫിഷറീസ് വകുപ്പല്ല. തെക്കേക്കാട് ബണ്ടിലെ കെട്ടിക്കിടക്കുന്ന ഓരു ജലം ഒഴുക്കി വിടുന്നതിന് കൾവർട്ട് നിർമ്മിക്കുന്നതിനായി പടന്ന പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിലേക്ക് അനന്തര നടപടികൾക്കായി നൽകിയിട്ടുണ്ട്. തെക്കേക്കാട്,ഇടയിലക്കാട്,മാടക്കാൽ എന്നിവിടങ്ങളിലെ ബണ്ടുകളുടെ വിശദമായ പ്രോപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ